# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 499** | **19/11/2019-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് മൂലമുള്ള നേട്ടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ<br>,, കെ. രാജൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, മുഹമ്മദ് മുഹസിൻ പി | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിന്റെ വികസനത്തിന് കേരളാബാങ്ക് ഏതൊക്കെതരത്തിൽ ഉപകരിക്കുമെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിന്റെ കാർഷിക, വ്യാവസായിക മേഖലകൾക്കും കേരളത്തിന്റെ സർവ്വതോ-ന്മുഖമായ പശ്ചാത്തല വികസനത്തിനും വേണ്ടി വ്യക്തികൾക്കും സഹകരണ സ്ഥാപനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വായ്പകൾ നൽകുന്നതിലൂടെ കേരളത്തിന്റെ വികസനത്തിന് കേരള ബാങ്കിന് സഹായിക്കാൻ കഴിയും. |
| (ബി) | കേരളത്തിലെ ജനങ്ങൾക്ക് കേരളാ ബാങ്ക് മൂലം എന്തൊക്കെ അധിക നേട്ടങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | ജനങ്ങൾക്ക് ഒരു പുതു തലമുറ ബാങ്കിൽ നിന്നും ലഭിക്കാവുന്ന എല്ലാ വിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും ഇടതടവില്ലാതെയും ഒളിഞ്ഞിരിക്കുന്ന ചാർജ്ജുകൾ ഇല്ലാതെയും ലഭ്യമാക്കുവാൻ കഴിയും. കൂടാതെ നിലവിലുള്ളതിനേക്കാള് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക കാർഷികേതര വായ്പകൾ കുറഞ്ഞ സമയപരിധിക്കുള്ളിൽ ഇടപാടുകാർക്ക് ലഭ്യമാവും. കേന്ദ്ര/ സംസ്ഥാന സർക്കാരുകളുടെ വിവിധ ആനുകൂല്യങ്ങൾ ഗ്രാമീണ ഉപഭോക്താക്കളുടെ അംഗസംഘങ്ങളിലെ അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കും. |

| | | | |
|---|---|---|---|
| (സി) | ബാങ്കിംഗ് മേഖലയെ സംബന്ധിച്ച് ഇപ്പോൾ ജനങ്ങൾ ഏറ്റവും കൂടുതൽ പരാതിപ്പെടുന്ന ഉയർന്ന സേവന ചാർജ്ജുകൾക്കും ഹിഡൻ ചാർജ്ജു-കൾക്കും ബദലായി ഈ ബാങ്ക് ഒരു ജനസൗഹൃദ ബാങ്കായി മാറുമോ എന്ന് വ്യക്തമാക്കുമോ; | (സി) | ഒളിഞ്ഞിരിക്കുന്ന ചാർജ്ജുകൾ ഒന്നും തന്നെ ഈടാക്കാതെയും ഒരു ആധുനിക ബാങ്കിൽ നിന്നും ലഭ്യമാകുന്ന എല്ലാ സേവനങ്ങളും നൽകാൻ കഴിയുന്നതു വഴി കേരള ബാങ്കിന് ഒരു ജനസൗഹൃദ ബാങ്കായി പ്രവർത്തി-ക്കുവാൻ തീർച്ചയായും കഴിയും. |
| (ഡി) | കേരളത്തിന്റെ കാർഷിക വികസന-ത്തിന് കേരളാബാങ്ക് ഏതൊക്കെ വിധത്തിൽ സഹായകരമാകുമെന്ന് വ്യക്തമാക്കുമോ; | (ഡി) | കേരളത്തിന്റെ കാർഷിക മേഖലയുടെ സർവ്വതോന്മുഖമായ എല്ലാ വികസന ത്തിനും സഹായകരമാകുന്ന പ്രവർത്തനം കേരള ബാങ്കിൽ നിന്നും ഉണ്ടാകും. നിലവിൽ ഉള്ളതിനേക്കാൾ കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ വായ്പകൾ കർഷകർക്ക് ലഭ്യമാക്കുവാനാവും എന്ന് പ്രതീക്ഷിക്കുന്നു. കേരള ബാങ്കിന്റെ സാമ്പത്തികസ്ഥിതി ശക്തമായതിനാൽ നബാർഡിൽ നിന്നും കൂടുതൽ വായ്പ ലഭിക്കുകയും അത് വഴി കാർഷിക മേഖലയെ കൂടുതൽ പുഷ്ടിപ്പെടുത്തുവാനും കഴിയും. |
| (ഇ) | ഗ്രാമീണ ബാങ്കിംഗ് മേഖലയിൽ നാളിതുവരെ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ കേരളാബാങ്ക് രൂപീ-കരിക്കുമ്പോഴും നിലനിർത്താൻ കഴിയുമോ; വ്യക്തമാക്കുമോ? | (ഇ) | നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ നില നിർത്തുവാനും കൂടുതൽ ശക്തിയോടെ തുടർന്നും നേട്ടങ്ങൾ കൈവരിക്കുവാനും കേരള ബാങ്ക് രൂപീകരണത്തോടെ കഴിയും. കേരള ബാങ്ക് രൂപീകരണം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങ ളേയും ബാങ്കുകളേയും കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഉപകരിക്കും. പ്രാഥമിക സംഘം/ബാങ്കുകൾ ശക്തിപ്പെടുന്ന തിലൂടെ ഗ്രാമീണ ബാങ്കിംഗ് മേഖലയും ശക്തിപ്പെടും. |

സെക്ഷൻ ഓഫീസർ.